

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

## *Laity Reflect on* Syro-Malabar Sunday Mass SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

ഏലിയ സ്ലീവ മൂശ എട്ടാം ഞായർ

2023 ഒക്ടോബർ 22



# ഉള്ള് വെന്തിട്ടുണ്ടെങ്കിൽ OK!

നിയ 11/2632, ഏശയ്യ 41/17, ഗലാ 5/1626, ലൂക്ക 8/4156

**എന്റെ** ഇടവകപ്പള്ളിയുടെ വരാന്തയിൽ ഒരു ചാക്ക് അരിയും മറ്റൊരു ചാക്കിൽ കടലയും വച്ചിട്ടുണ്ട്. പാവങ്ങൾക്കുള്ളതാണ്. നാട്ടിൽ ഒരാൾ പോലും പട്ടിണി കിടക്കരുത് എന്ന ആശയമാണ് അതിനു പിന്നിൽ. വികാരിയച്ചൻ പലപ്പോഴും പള്ളിയിൽ വിളിച്ചുപറയാറുണ്ട്, ആവശ്യക്കാർ ആരോടും ചോദിക്കേണ്ടതില്ല. അളവ് പാത്രം അവിടെത്തന്നെയുണ്ട്. ഒരളവ് വീതം ഒരാൾക്ക് എടുക്കാം.

'ചോദിക്കാതെ എടുത്തോളൂ' എന്ന ഒറ്റ വാചകത്തിന് ഒരുപാട് അർത്ഥങ്ങളുണ്ട്. പട്ടിണി കിടക്കുന്ന ഒരുവൻ, തന്റെ അവസ്ഥ ആരെയും അറിയിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ ഇത് അയാളെ സംബന്ധിച്ച് ഒരു ദൈവവചനമാണ്. കാരണം അത് അവന്റെ വ്യക്തിത്വത്തെ മുറിപ്പെടുത്തുന്നില്ല. ആരുമില്ലാത്ത നേരത്ത് മറ്റാരും അറിയാതെ അവന്റെ വിശപ്പിനുള്ളത് ദൈവസന്നിധിയിൽ നിന്നും അവന് കിട്ടുന്നുണ്ട്.

മറ്റൊന്ന്, അവിടെ എന്റെ വിശപ്പകറ്റാനുള്ള അപ്പമുണ്ട് എന്ന ബോധ്യമാണ്. അത് എനിയ്ക്കുള്ളതാണെന്ന അറിവ്. വിശപ്പുണ്ടെങ്കിൽ അവൻതന്നെ മുൻകൈ എടുക്കണം എന്ന ഒരു കാര്യംകൂടി അതിലുണ്ട്. ആരെങ്കിലും എനിയ്ക്ക് എന്തെങ്കിലും കൊണ്ടുതന്നെങ്കിൽ നന്നായിരുന്നു എന്നാണെങ്കിൽ നടക്കില്ല, അത്രതന്നെ.

ചാക്കിലെ അരിയുടെയും കടലയുടെയും അളവ് ദിവസേന കുറയുന്നുണ്ട്. അത് എന്റെ നാട്ടിൽ വിശക്കുന്നവന്റെ വയറിന്റെ അളവാണെന്ന ബോധ്യം ഞങ്ങൾക്കുണ്ട്. ഒരിടത്തെ കുറവ് മറ്റൊരിടത്തു നിറവാകുന്നു.



സനു തെറ്റയിൽ മേക്കാട്

## ആരോ ഒരാൾ

രക്തസ്രാവക്കാരി അവന്റെ വസ്ത്രത്തിന്റെ തുമ്പിൽ സ്പർശിയ്ക്കുമ്പോൾത്തന്നെ അവൻ അതറിയുന്നുണ്ട്. ആ അറിവ് അവന്റെ വിജയമോ മഹത്വമോ ആയിട്ടല്ല സുവിശേഷം വ്യാഖ്യാനിയ്ക്കുന്നത്. അവന്റെ ശരീരത്തിൽ നിന്നും ബഹിർഗമിച്ച ശക്തി ഒരാളെ സൗഖ്യപ്പെടുത്താനുള്ള അളവാണെന്നുപോലും കർത്താവ് അറിയുന്നുണ്ടെങ്കിൽ അത് അവളെ വിജയിയായി പ്രഖ്യാപിക്കാൻ വേണ്ടിയാണ്.

തനിയ്ക്ക് സൗഖ്യം ലഭിയ്ക്കും എന്നുറപ്പുള്ള ഒരുവൾ ആ ജനക്കൂട്ടത്തിലുണ്ടായിരുന്നു. അപ്പോൾ അവിടെത്തടിച്ചുകൂടിയ, ക്രിസ്തുവിനെ തിക്കി തിരക്കുണ്ടാക്കിയ മറ്റുള്ള അനേകർ? ഞാൻ ഇതിൽ ഏത് പക്ഷം? മഴയ്ക്കുവേണ്ടി പ്രാർത്ഥിയ്ക്കാൻ കുടയുമായി വന്ന ബാലന്റെ വിശ്വാസത്തിന്റെ ഒരു കഥയുണ്ടല്ലോ.

'Bless me' എന്ന് പറഞ്ഞു കഴിക്കുന്ന എന്തും എന്റെ അനുഗ്രഹ കാരണമാകും എന്ന് പറഞ്ഞുതന്ന ഒരു ഗുരുവിനെ ഓർത്തുപോകുന്നു. എന്ത് ചെയ്യുന്നു എന്നതിലല്ല, എങ്ങനെ ചെയ്യുന്നു എന്നതാണ് പ്രധാനം.

## രഹസ്യം

വലതു കരം ചെയ്യുന്നത് ഇടതുകരം അറിയരുത് എന്ന തിരുവചനം പഠിപ്പിയ്ക്കുമ്പോൾ, ചെയ്യുന്ന നന്മയെല്ലാം രഹസ്യമായിരിയ്ക്കണമെന്ന് മാത്രമാണ് പലരുടെയും ധാരണ. മറിച്ചൊരു ചിന്തകൂടിയുണ്ടതിൽ. രഹസ്യമായിരിയ്ക്കുന്നതൊക്കെ വിശുദ്ധമാകണമെന്ന്! രഹസ്യങ്ങളില്ലാത്തതാർക്കാണ്! മാതാപിതാക്കളോട് പറയാനാവാത്തത് മക്കൾക്കും മക്കളോട് പറയാനാവാത്തത് മാതാപിതാക്കൾക്കും ഉണ്ടാവാം. ഭാര്യാ ഭർത്താക്കന്മാർക്കിടയിലും സഹോദരങ്ങൾക്കിടയിലും ഉണ്ടാവാം രഹസ്യങ്ങൾ. പക്ഷെ അതൊക്കെ വിശുദ്ധമാവട്ടെ എന്ന് ആശംസിയ്ക്കാൻ കർത്താവിനോളം മറ്റാർക്ക് കഴിയും!



ഒരുവളുടെ രഹസ്യം പരസ്യമാക്കുന്ന കർത്താവിനെയാണ് ഇന്ന് നാം കാണുക. അത് അവളെ അപകീർത്തിപ്പെടുത്താനായിരുന്നില്ല, മറിച്ച് അവളെ ഒരു മാതൃകയായി ഉയർത്താനും അതുവഴി അനേകരുടെ വിശ്വാസം വർധിപ്പിയ്ക്കാനുമാണ്. പല രഹസ്യങ്ങളും വെളിച്ചത്തുവരുമ്പോൾ ഒളിവിൽ പോകേണ്ടിവരുന്നവർക്കിടയിൽ ഇവൾ ഒരപവാദമാകുന്നുണ്ട്. ആരാലും അറിയപ്പെടാതെ പോയ ഒരുവൾ അവളുടെ ഒരു രഹസ്യപ്രവൃത്തിവഴി ലോകം അറിയുന്നൊരുവളായി മാറുന്നു.

മറ്റൊരിടത്ത്, പ്രതീക്ഷ വറ്റിയ നേരത്തും ജായ്റോസിന്, അവന് വേണ്ടത് നൽകുന്നുണ്ട് ക്രിസ്തു. തന്റെ മകളെ സുഖപ്പെടുത്താൻ ക്രിസ്തുവിനാകും എന്ന വിശ്വാസമാണല്ലോ അവനെ വിളിക്കാൻ ജായ്റോസിനെ പ്രേരിപ്പിച്ചത്. മകൾ മരിച്ചു എന്നറിഞ്ഞപ്പോഴും തനിയ്ക്കുവേണ്ടി കാതങ്ങൾ നടക്കേണ്ടി വരുന്ന ക്രിസ്തുവിനെ ബുദ്ധിമുട്ടിയ്ക്കരുത് എന്ന് കരുതിയ അയാളിലെ നന്മ നമ്മൾ കാണാതെ പോകരുത്. പുറംമോടിയിൽ

അഭിരമിയ്ക്കുന്നവനല്ല കർത്താവ്, അവൻ ഉള്ള് കാണുന്നവനാണ്. രക്തസ്രാവക്കാരിയുടെയും ജായ്റോസിന്റെയും ഉള്ള് കർത്താവ് കണ്ടു.

## ഉള്ള്

ശിഷ്യൻ ഗുരുവാകുന്നതെപ്പോഴാണ്? അവന്റെ ഉള്ള് അറിവും അനുഭവവും കൊണ്ട് നിറയുമ്പോഴാണ്. വളയമില്ലാതെ ചാടാൻ പഠിയ്ക്കുന്നതും കണ്ണ് കെട്ടി വണ്ടി ഓടിക്കാൻ സർക്കസിലെ കേമൻ തയ്യാറാവുന്നതുമൊക്കെ ഒറ്റ ദിവസത്തെ അത്ഭുതമൊന്നുമല്ല, മാസങ്ങളുടെയും വർഷങ്ങളുടെയും കഠിനാധ്വാനത്തിന് ശേഷമാണ്. കണ്ണ് മൂടിയാലും അവന്റെ ഉൾവെളിച്ചം അവനെ നയിക്കും. ക്രിസ്തു മുപ്പത് വർഷം ഒരുങ്ങിയത് മൂന്ന് വർഷത്തിന് വേണ്ടിയാണെന്ന് ഓർക്കുമ്പോൾ ഉള്ള് പിടയുന്നുണ്ട്.

'ഉള്ള്' എന്ന വാക്ക് കുറച്ചധികം കാര്യങ്ങൾ കൂടി എന്നെ ഓർമിപ്പിയ്ക്കുന്നുണ്ട്. ബഹുഭൂരിപക്ഷം മലയാളികളോട് ചേർന്നുകൊണ്ട് കൊറോണക്കാലത്താണ് വീട്ടിൽ കേക്കുണ്ടാക്കാൻ തുടങ്ങിയത്. ഭാര്യ തുടങ്ങിവച്ചു, അമ്മ അവസാനിപ്പിച്ചു. അങ്ങനെ ഒരു ദിവസം ഞാനും അവരോടൊപ്പംകൂടി, ഒരു രസത്തിന്. അല്പം കഴിഞ്ഞ് നോക്കുമ്പോൾ അടുക്കളയിൽ ഞാൻ മാത്രം. 'ഈശ്വരാ പെട്ടു'. അവരെ എങ്ങനെ വിളിച്ചു വരുത്തും? 'വെന്തോന്നറിയില്ല', ഞാൻ വിളിച്ചുകൂവി. അപ്പോഴാണ് സഹധർമിണി വരാന്തയിൽ നിന്ന് ഒരു സൂത്രം പറഞ്ഞു തന്നത്. 'ഈർക്കിൽ എടുത്ത് കേക്കിൽ കുത്തി നോക്കിയാലറിയാം ഉള്ള് വെന്തോ എന്നുള്ളത്. ഉള്ള് വെന്തിട്ടുണ്ടെങ്കിൽ ok. ഇറക്കിക്കോ'. അങ്ങനെ അടുക്കളയിലെ ശാസ്ത്രജ്ഞർക്ക് മാത്രം അറിയാവുന്ന ആ രഹസ്യം എന്റേയുംകൂടി അറിവായി. പിന്നീടിങ്ങോട്ട് പുറത്ത് ഭക്ഷണം കഴിക്കാൻ പോയാൽ പാചകകലയിൽ ഡോക്ടറേറ്റ് ഉള്ളവനെപ്പോലെ ഞാനും പറയാൻ തുടങ്ങി, 'ആ... ഉള്ളിൽ വേവൽപ്പം കുറവുണ്ട്...' കുഴിമന്തിയും ഷവായും ഹരം കൊള്ളിയ്ക്കുന്ന ഇന്ന് ഈ ഒരറിവ് ഒട്ടും ചെറുതല്ലാട്ടോ..

ഉള്ള് വേവട്ടെ... ഉള്ള് നന്നാവട്ടെ... അവൻ തേടി വരും, കരം പിടിക്കും എഴുന്നേൽപ്പിയ്ക്കും...

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com